LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് കൗട്ടയിൽ ജോലി നൽകാൻ നടപടി

168 [1107] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്പോർട്സ് കൗട്ടയിൽ ജോലി നൽകാൻ തീരുമാനിച്ചവരുടെ എണ്ണം എത്രയാണ്; ഇനംതിരിച്ച് അർഹരായവരുടെ ലിസ്റ്റിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്ന് ഇതുവരെ എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും നിയമിക്കാത്തവരെ എത്രയും വേഗം നിയമിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 1997-2001 കാലഘട്ടത്തിൽ ഒഴിവുവന്ന 100 തസ്തികകളിലേക്കാണ് നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചത്. സൈക്കിളിംഗ് വിഭാഗത്തിൽ ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതിനാൽ പ്രസ്തുത വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള 5 തസ്തികകൾ ഒഴികെ 95 തസ്തികകളിലേക്കാണ് സെലക്ട് റിസ്റ്റ് പ്രസിദ്ധീകരിച്ചത്. ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(ബി) പ്രസ്തുത ലിസ്റ്റിൽനിന്ന് 84 പേർക്ക് നിയമനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അവശേഷിക്കുന്ന 16 പേരിൽ 15 പേർക്കുള്ള നിയമനം, ഇതു സംബന്ധിച്ച കേസുകളിലെ വിധി വന്നശേഷമേ നൽകാൻ കഴിയുകയുള്ളു. ശേഷിക്കുന്ന ഒരാളുടെ വിദ്യാഭ്യാസയോഗ്യതയെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് അക്കാര്യവും പരിഗണിക്കുന്നതാണ്.

വിവര വിനിമയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

169 [1108] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" *സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് യഥാസമയം വിവരം എത്തിക്കുവാൻ ഫിഷറീസ് വകുപ്പിലും സംസ്ഥാന ജില്ലാ ആസ്ഥാനത്തിലും വിവര വിനിമയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഫിഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു ടീമിനെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് ഡയറക്ടറേറ്റിലും ജില്ലാ ആസ്ഥാനങ്ങളിലും നിയമിച്ച് പ്രസ്തുത വിവര വിനിമയ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ ഓഫീസുകളിൽ അന്വേഷണവിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഫിഷറീസ് ഡയറക്ടറേറ്റിൽ അന്വേഷണവിഭാഗം ഏർപ്പെടുത്തുന്നതാണ്.

(ബി) ഫിഷറീസ് ഡയറക്ടറേറ്റിലെ പ്രൊപ്പഗൻഡ അസിസ്റ്റന്റിനെ നിലവിലുള്ള അനുബന്ധ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോഗിക്കുന്നതാണ്.

വിദേശ കപ്പലുകൾ വാടകയ്ക്കെടുത്ത് ട്രോളിംഗ്

170 [1109] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, ടി. എൻ. പ്രതാപൻ:
,, ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടൽത്തീരത്തും പുറംകടലിലും മത്സ്യബന്ധനം നടത്തുന്നതിന് എത്ര വിദേശകപ്പലുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) ഇന്ത്യൻ കമ്പനികൾക്ക് മീൻപിടിക്കാൻ നൽകുന്ന ലൈസൻസ് ഉപയോഗിച്ച് വിദേശ കപ്പലുകൾ വാടകയ്ക്കെടുത്ത് ഇന്ത്യൻ കമ്പനികൾ കേരളത്തിന്റെ ഉൾക്കടലിൽ ട്രോളിംഗ് നടത്തുന്നുണ്ടോ;

(സി) ഇത് സംസ്ഥാനത്തെ മത്സ്യബന്ധനബോട്ടുകളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) വിദേശകപ്പലുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 25-6-2003-ലെ 21045/1/2001 Fy (IND) ഉത്തരവുപ്രകാരം പതിനൊന്ന് ഇന്ത്യൻ കമ്പനികൾക്കായി മുപ്പത്തിരണ്ട് മത്സ്യബന്ധന യാനങ്ങൾക്ക് ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ മത്സ്യബന്ധനം നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly